കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയിലും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള റഗുലേറ്റർ-കം-ബ്രിഡ്ജ്

74 [237] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയിലും എത്ര റഗുലേറ്റർ-കം-ബ്രിഡ്ജ് ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയേയും കോഴിക്കോട് ജില്ലയേയും പെരിങ്ങളം, വടകര മണ്ഡലങ്ങളേയും ബന്ധിപ്പിക്കുന്ന മോന്താൾ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ കൈവരികൾ പൊട്ടി അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പാലത്തിന്റെ അപകടാവസ്ഥ തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എത്ര ദിവസംകൊണ്ട് ഈ പാലത്തെ അപകടാവസ്ഥയിൽ നിന്നും സംരക്ഷിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 21 (ഇരുപത്തിയൊന്ന്).

(ബി) ഉണ്ട്.

(സി) കൈവരികൾ പുനഃസ്ഥാപിക്കുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ഡി) തൊണ്ണൂറു ദിവസംകൊണ്ട് മേൽപ്പറഞ്ഞ പണി ചെയ്തു തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശുദ്ധജല വിതരണം

75 [238] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണത്തിനായി സംസ്ഥാനത്ത് എത്ര അണക്കെട്ടുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) അവയിൽ കാലപ്പഴക്കം ചെന്നത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) അരുവിക്കര അണക്കെട്ട് പ്രവർത്തനക്ഷമമായത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അണക്കെട്ടിലെ ജലസംഭരണശേഷി എത്രയെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ പ്രകാരം ജലസംഭരണ ശേഷി എത്രയാണ്;

(എഫ്) അരുവിക്കര അണക്കെട്ടിന്റെ ബലക്ഷയം പരിഹരിച്ച് സുരക്ഷ ഉറപ്പാക്കാനും വ്യാപ്തിയും സൗന്ദര്യവും വർദ്ധിപ്പിക്കാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശുദ്ധജല വിതരണത്തിനായി സംസ്ഥാനത്ത് പേപ്പാറയിലും അരുവിക്കരയിലും ഓരോ അണക്കെട്ട് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തൃത്താല ഭാരതപ്പുഴയിൽ വെള്ളിയാംകല്ല് ഭാഗത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് പണി ആരംഭിച്ചിട്ടുണ്ട്.

(ബി) അരുവിക്കര അണക്കെട്ട്.

(സി) 1933 മുതൽ.

(ഡി) 628 മില്ല്യൻ ലിറ്റർ.

(ഇ) 420 മില്ല്യൻ ലിറ്റർ.

(എഫ്) സാമ്പത്തിക ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

തലശ്ശേരി-കോണാർവയൽ ശുദ്ധജല വിതരണ പദ്ധതി

76 [239] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-കോണാർവയൽ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ബി) ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പഴയ പൈപ്പുകൾ മാറ്റി കാസ്റ്റ് അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇത് പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി-കോണാർവയൽ ശുദ്ധജല വിതരണ പദ്ധതിയുടെ സമ്പിന്റെയും പമ്പ് ഹൗസിന്റെയും പണി 95 ശതമാനം പൂർത്തിയായി. സമ്പിലേക്കുള്ള ഗ്രാവിറ്റി മെയിൻ ഇടുന്ന പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മൂന്ന് ശുദ്ധജല പമ്പിംഗ് മെയിനുകളുടെ പണിയും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പവർലൈൻ നീട്ടുന്ന പ്രവൃത്തിയും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികളും എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly